**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1601** **01/11/2019-ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിൽ അഗ്രോ ബസാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **എ)** | മണലൂർ മണ്ഡലത്തിൽ പുതിയ ഒരു അഗ്രോ ബസാർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ; | **എ)** | മണലൂർ മണ്ഡലത്തിൽ പുതിയ അഗ്രോ ബസാർ തുടങ്ങുന്നതിന് നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| **ബി)** | തൃശ്ശൂർ ജില്ലയിൽ നിലവിൽ എവിടെയെല്ലാം അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | **ബി)** | തൃശ്ശൂർ ജില്ലയിൽ അരിമ്പൂരിൽ ഒരു അഗ്രോ ബസാറും, ചെമ്പൂക്കാവ് അഗ്രിക്കൾച്ചറൽ കോംപ്ലക്സിൽ ഒരു അഗ്രോ ഹൈപ്പർ ബസാറും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| **സി)** | അഗ്രോ ബസാർ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | **സി)** | അതാത് വർഷത്തെ വാർഷിക പ്ലാനിൽ അഗ്രോബസാർ എന്ന ഘടകത്തിന് അനുമതിയും ബജറ്റ് വിഹിതവും വകുപ്പ് ഉറപ്പാക്കേണ്ടതുണ്ട്. ബജറ്റ് വിഹിതം അനുവദിക്കുന്ന പക്ഷം അനുയോജ്യമായ പദ്ധതിരേഖ സമർപ്പിക്കുവാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അഗ്രോബസാർ തുടങ്ങുന്നതിനായി വിശദമായ DPR തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നു. പ്രസ്തുത DPR വിശദമായി പരിശോധിച്ചതിനു ശേഷം വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പരിശോധനയിൽ പദ്ധതി അനുയോജ്യമാണെന്ന് കണ്ടാൽ വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതിയ്ക്കായി |

ശുപാർശ ചെയ്യുന്നു. ഭരണാനുമതി ലഭിച്ച് കഴിഞ്ഞാൽ തുക വിനിയോഗിക്കുവാനുള്ള ഉത്തരവ് കൃഷി വകുപ്പ് KAICO-യ്ക്ക് നൽകുന്നു.

സെക്ഷൻ ഓഫീസർ